**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1316** **07-10-2021 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ ക്ലാസ്സ് ആരംഭിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സ്കൂളുകളിൽ എന്നുമുതൽ ക്ലാസ്സുകൾ ആരംഭിക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | നവംബർ 1-ന് സ്കൂളുകൾ തുറക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ക്ലാസ്സുകൾ ആരംഭിക്കുമ്പോൾ കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ ഒരുക്കിയിരിക്കുന്ന സുരക്ഷാ സംവിധാനങ്ങൾ വിശദമാക്കാമോ? | (ബി) | സ്കൂൾ തുറക്കുന്നതിന്റെ മുന്നോടിയായി വിദ്യാഭ്യാസ വകുപ്പിലെ ക്യൂഐ.പി. മോണിറ്ററിംഗ് കമ്മിറ്റി , അംഗീകൃത അധ്യാപക സംഘടനകളുടെ , യുവജന സംഘടനകളുടെ , വിദ്യാർത്ഥി സംഘടനകളുടെ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/ മേയർമാരുടെ,വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗം മന്ത്രിതലത്തിൽ ചേരുകയും സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന മാർഗ്ഗരേഖയിൽ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും ആരാഞ്ഞിരുന്നു. അപ്രകാരം ലഭിച്ച അഭിപ്രായങ്ങളുടെയും, നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ കരട് മാർഗ്ഗരേഖ തയ്യാറാക്കി സർക്കാർ പരിശോധിച്ചുവരുന്നു.കൂടാതെ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ/ എസ്.എം.സി,യുവജനസംഘടനകൾ,അധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുമായി (ആരോഗ്യം, ഗതാഗതം,തദ്ദേശ സ്വയംഭരണം) ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ